


പാലക്കാട് വിശ്വാസിന്റെയും ജില്ലാ നിയമ സേവന അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ നടന്ന 'നീതികിരണം' പരിപാടി ജില്ലാ ജഡ്ജി വിനായക റാവു ഉദ്ഘാടനം ചെയ്യുന്നു.

മനോരമ

# ക്രിമിനൽ നീതിന്യായ സംവിധാനങ്ങൾ അതിജീവിതർക്കായി നിലകൊള്ളണം

പാലക്കാട് ● ക്രിമിനൽ നീതിന്യായ സംവിധാനങ്ങൾ അതിജീവിതർക്കു വേണ്ടി നിലകൊള്ളണമെന്നും അവരുടെ സംരക്ഷണം സമൂഹം ഏറ്റെടുക്കണമെന്നും ജില്ലാ ജഡ്ജി ആർ.വിനായക റാവു പറഞ്ഞു. വിശ്വാസിന്റെയും ജില്ലാ നിയമ സേവന അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ നടന്ന ഇരകൾക്കുള്ള അവകാശങ്ങളെയും അവരോടുള്ള പെരുമാറ്റരീതികളെ കുറിച്ചുമുള്ള 'നീതികിരണം' പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിയമങ്ങളിൽ പ്രതികൾക്ക് ധാരാളം അവകാശങ്ങൾ ഉണ്ടെങ്കിലും ഇരകൾക്കു കൂടി താങ്ങായി ബന്ധപ്പെട്ടവർ പ്രവർത്തിക്കണമെന്നും വിനായക റാവു പറഞ്ഞു.

ജില്ലാ നിയമ സേവന അതോറിറ്റി സെക്രട്ടറി കെ.മിഥുൻ റോയ് അധ്യക്ഷനായി. ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻ ചെയർമാൻ ഫാ. ഡോ. ജോസ് പോൾ മുഖ്യ പ്രഭാഷണം നടത്തി.

വിശ്വാസ് ഇന്ത്യ സെക്രട്ടറി ജനറലും ഡപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷനുമായ പി.പ്രേംനാഥ്, എസ്.ശാന്താദേവി, എൻ.രാഖി എന്നിവർ പ്രസംഗിച്ചു.